"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിളിമാനൂർ ഗ്രാമപഞ്ചായത്ത്- ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവന രഹിതർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ വാങ്ങിയ 58.11 ആർ വസ്തു , അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുൻഗണന അർഹിക്കുന്നതുമായ കുടുംബങ്ങൾക്ക് 3 സെന്റ് എന്ന കണക്കിന് വിഭജിച്ച് നൽകുന്നതിന് - അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2455/2022/LSGD തീയതി,തിരുവനന്തപുരം, 11-10-2022

---

പരാമർശം:-

1. കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/03/2022 തീയതിയിലെ എ5/1003/22 നമ്പർ കത്ത്.
2. ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/08/2022 ലെ എൽ.എം-103/2019/ ലൈഫ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കിളിമാനൂർ ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതി പ്രകാരം ഭൂരഹിത ഭവന രഹിതർക്ക് വേണ്ടി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി 2020-2021 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വസ്തു വാങ്ങുന്നതിന് പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്. ജനറൽ , എസ്.സി.പി വിഭാഗത്തിലായി 84,71,200/- രൂപ വകയിരുത്തി കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 1 മലയ്ക്കൽ എന്ന സ്ഥലത്ത് റീ സർവ്വേ 40/5 ൽ ഉൾപ്പെട്ട 26.27 ആർ വസ്തുവും റീ സർവ്വേ 40/5-3 ൽ ഉൾപ്പെട്ട 31.84 ആർ വസ്തുവും ഉൾപ്പെടെ 58.11 ആർ വസ്തു വാങ്ങുകയുണ്ടായി. 105 ഓളം ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം നിർമ്മിച്ച് ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്.

2. ഗ്രാമ പഞ്ചായത്തിന് സ്വന്തമായി ഭവന സമുച്ചയം പണിതുനല്കാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ തികച്ചും ഗ്രാമീണ സ്വഭാവത്തിൽ തുടരുന്ന ഈ പ്രദേശത്തെ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുന്ന ലൈഫ് പദ്ധതി ഭവന സമുച്ചയം യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുകയെന്നത് ഫലപ്രദമല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച വസ്തു നിലവിലുള്ള ലൈഫ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കളിൽ ഭവന നിർമ്മാണത്തിന് താല്പര്യമുള്ളവരും ഏറ്റവും മുൻഗണന അർഹിക്കുന്നതുമായ കുടുംബങ്ങൾക്ക് 3 സെന്റ് എന്ന കണക്കിന് വിഭജിച്ച് നൽകുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണെന്നും കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടു.

3. പുതിയ ഭവനസമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ ഇപ്പോൾ സ്വീകരിക്കേണ്ടതില്ലായെന്നും വിശദമായ പരിശോധനകൾക്ക് ശേഷം ഇക്കാര്യം പരിഗണിക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ലൈഫ് മിഷൻ

മുഖേന ഇപ്പോൾ ഏറ്റെടുക്കാൻ സാധിക്കുകയില്ലായെന്ന് സൂചന (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഈ സാഹചര്യത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭവന സമുച്ചയ നിർമ്മാണത്തിനായി വിലയ്ക്ക് വാങ്ങിയ 58.11 ആർ ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ശേഷി ഇല്ലാത്തതിനാൽ ടി ഭൂമി കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ അർഹരായ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് 3 സെന്റ് വീതം വീതിച്ചു നൽകി പുനരധിവാസം സാധ്യമാക്കുന്നതിന് അനുമതിനൽകണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തു.

4. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭവന സമുച്ചയ നിർമ്മാണത്തിനായി വിലയ്ക്ക് വാങ്ങിയ 58.11 ആർ ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ശേഷി ഇല്ലാത്ത സാഹചര്യത്തിലും ലൈഫ് മിഷൻ മുഖേന ഭവനസമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാലും ടി ഭൂമി കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ അംഗീകൃത ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുൻഗണന അർഹിക്കുന്നതുമായ ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് 3 സെന്റ് എന്ന കണക്കിന് വിഭജിച്ച് നൽകുന്നതിന് കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ ,തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം

ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം

പഞ്ചായത്ത് സെക്രട്ടറി , കിളിമാനൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sheeba S C
Date: 12-10-2022 14:24:44
സെക്ഷൻ ഓഫീസർ